പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5412 01.07.2014 ലെ മറുപടിയ്ക്ക്

കെ. എസ്. എഫ്. ഇ. ചിട്ടി നഷ്ടത്തിലാണെന്ന കാര്യം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. തിലോത്തമൻ : | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) കഴിഞ്ഞ സി & എ.ജി. ആഡിറ്റ് റിപ്പോർട്ട് പ്രകാരം കെ.എസ്.എഫ്.ഇ. ചിട്ടി നഷ്ടത്തിലാണെന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ ; | (എ) സി & എ.ജി. യുടെ 04.09.2013ലെ റിപ്പോർട്ടിൽ കമ്പനിയുടെ 2008-09, 2009-10 എന്നീ വർഷങ്ങളിലെ ചിട്ടി ബിസിനസ്സ് നഷ്ടമാണെന്ന് പരാമർശിച്ചിട്ടുണ്ട്. ചിട്ടിപണം നൽകുവാൻ കമ്പനി സമാഹരിക്കുന്ന നിക്ഷേപം ഉപയോഗപ്പെടുത്തിയതിന്റെ ചിലവ് കൂടി കണക്കാക്കിയാണ് ഈ നഷ്ടം പ്രതിപാദിച്ചിരിക്കുന്നത്. എന്നാൽ കമ്പനി സമാഹരിക്കുന്ന നിക്ഷേപങ്ങൾക്ക് അതത് വർഷം തന്നെ പലിശ ചെലവെഴുതാറുള്ളതാണ്. മാത്രമല്ല മുൻകാലങ്ങളിലെ കുടിശ്ശിക റവന്യൂറിക്കവറി പ്രകാരം പിരിച്ചെടുക്കുമ്പോൾ ലഭിക്കുന്ന വരുമാനം ചിട്ടിയുടെ ലാഭനഷ്ടം കണക്കാക്കുന്നതിൽ ഉൾപ്പെടു ത്തിയിട്ടുമില്ല. |
| (ബി) ഇതിന് കാരണമായത് അനാവശ്യമായ ടാർജറ്റ് ഓരോ ബ്രാഞ്ചിന്റെയും മേൽ അടിച്ചേൽപ്പിക്കുന്നതും അതുമൂലം ഡിഫാൾട്ടേഴ്സ് കൂട്ടുന്നതുമാണെന്ന കാര്യം മനസ്സി ലാക്കിയിട്ടുണ്ടോ ; | (ബി) ഓരോ വർഷത്തെയും പ്രതീക്ഷിക്കുന്ന വരവ് ചെലവുകൾ കണക്കാക്കി ലാഭക്ഷമതയോടെ പ്രവർത്തി ക്കുവാൻ എത്ര വരുമാനം ആവശ്യമാണെന്ന് മനസ്സിലാക്കി അതിനനുസൃതമായ ബിസിനസ്സ് ടാർജറ്റ് ആണ് കമ്പനി നിശ്ചയിക്കുന്നത്. കൂടാതെ മുൻ വർഷത്തിൽ നേടിയ ബിസിനസ്സ്, ചെലവുകളിലുള്ള വർദ്ധന എന്നിവകൂടി പരിഗണിക്കും. ഇത് ഒരു സാമ്പത്തിക സ്ഥാപനത്തിന് തികച്ചും അത്യന്താ പേക്ഷിതമാണ്. കഴിഞ്ഞ വർഷങ്ങളിലെല്ലാം ടാർജറ്റി നേക്കാൾ കൂടുതൽ ബിസിനസ്സ് സമാഹരിക്കുവാൻ കഴിഞ്ഞിട്ടുമുണ്ട്. ഡിഫാൾട്ട് കൂടുന്നതിന് ബിസിനസ്സ് ടാർജറ്റ് ഒരു കാരണമല്ല. |
| (സി) ചിട്ടി അടിയ്ക്കുന്നവർക്കുള്ള പണം നൽകുന്നത് ഇത്തരത്തിലുള്ള ഡിപ്പോ സിറ്റുകൾ വിനിയോഗിച്ചാണ് എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (സി) ചിട്ടി കിട്ടിയവർക്ക് ചിട്ടി പണം നിശ്ചിത സമയത്തിനകം നൽകേണ്ടതാണ്. ഒരു ചിട്ടിയിൽ എല്ലാവരും മാസത്തവണകൾ കൃത്യമായി അടയ്ക്കുകയും അതിൽ ഒരാൾക്ക് ചിട്ടി പണം നൽകുകയും ചെയ്യുക എന്നതാണ് ചിട്ടിയുടെ അടിസ്ഥാന തത്വം. എന്നാൽ സ്വാഭാവികമായും പലകാരണങ്ങൾകൊണ്ടും എല്ലാവരിക്കാരും ഇത്തരത്തിൽ മാസത്തവണകൾ കൃത്യമായി അടയ്ക്കാറില്ല. അതിനാൽ മാസത്തവണകൾ അടയ്ക്കാത്തവരുടെ സംഖ്യകൂടി കമ്പനിയുടെ കയ്യിൽ നിന്നും എടുത്താണ് ചിട്ടിപ്പണം |

നൽകാറുള്ളത്. ബിസിനസ്സ് മുന്നോട്ടുകൊണ്ടുപോകുവാൻ ഒരളവുവരെ ഇപ്രകാരം ചെയ്യേണ്ടതായി വരും. ഡിഫാൾട്ട് കുറച്ചുകൊണ്ടുവരുവാൻ കമ്പനി താഴെപറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

a) ചിട്ടിവിളിച്ചെടുക്കാത്ത വരിക്കാരുടെ കുടിശ്ശിക പകരം ആളെ ചേർത്ത് പരിഹരിക്കുന്നു.

b) ചിട്ടി വിളിച്ചെടുത്ത് ചിട്ടി സംഖ്യ കൈപറ്റിയതിനു ശേഷം കുടിശ്ശിക വരുത്തിയ വരിക്കാർക്കെതിരെ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ ഊർജ്ജിതമാക്കിയിട്ടുണ്ട്.

c) കുടിശ്ശിക വരുത്താതിരിക്കാൻ വരിക്കാരെ ഫോണിൽ ബന്ധപ്പെട്ട് ചിട്ടി കൃത്യമായി അടയ്ക്കേണ്ട ആവശ്യകതയെപ്പറ്റി ബോധവൽക്കരിക്കുന്നു.

d) വലിയ ചിട്ടികൾ തുടങ്ങുവാൻ മേഖലാ മേധാവിയുടെ പ്രത്യേക ശുപാർശയും ഹെഡ് ഓഫീസിൻെറ മുൻകൂർ അനുമതിയും വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

e) മേൽപറഞ്ഞ കാര്യങ്ങൾ അതേപടി നടപ്പിലാക്കുന്നു എന്നുറപ്പുവരുത്തുവാൻ മേഖലാ കാര്യാലയങ്ങളിലെയും ഹെഡ് ഓഫീസിലേയും ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.